ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

	പദ്ധതിയുടെ പേര്	പണിആരംഭിച്ച വർഷം	പണിപൂർത്തിയാക്കാനുദ്ദേശിക്കുന്ന വർഷം
1.	കുറ്റ്യാടി എക്സ്റ്റൻഷൻ (50 മെ.വാ)	1997	2000
2.	വഴിക്കടവ് ഡൈവേർഷൻ (24 മി.യു)	1993	2002
3.	മലങ്കര (10.5 മെ.വാ)	1999	2002
	സ്വകാര്യമേഖലയിലുള്ള പദ്ധതികൾ		
1.	കുത്തങ്കൽ (21 21മെ.വാ/79 മി.യു)	-	2000
2.	ഉള്ളുങ്കൽ (7 മെ. വാ/34.1 മി.യു)	-	2000
3.	കാരിക്കയം (15 മെ.വാ./72.7 മി.യു)	-	നിശ്ചയിച്ചിട്ടില്ല.
4.	ഭൂതത്താൻകെട്ട് (16 മെ. വ. / 61.5 മി. യു)		നിശ്ചയിച്ചിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ചെങ്കുളം ആധുനീകരണം പദ്ധതിക്ക് ഒന്നാംഘട്ടം അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമ അനുമതി ലഭിക്കാനുണ്ട്.

(എച്ച്&ഐ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിന് ആഗോള ടെണ്ടർ വിളിച്ച് പ്രീക്വാളിഫൈ ചെയ്ത ടെണ്ടർ മാർക്ക് പ്രൈസ് ലീഡ് അയച്ചിട്ടുണ്ട്.

വാമനപുരം നദീതടപദ്ധതി പുനഃക്രമീകരണം

16(*196) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. പാലോട് രവി :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നദീതട പദ്ധതി പുനഃക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എപ്രകാരമാണ് എന്ന് വിശദമാക്കാമോ ;

(സി) ഇതിന്റെ ഫലമായി എന്തെല്ലാം പ്രയോജനം ലഭിക്കും ;

(ഡി) ഇതുമൂലം എത്ര ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാക്കുമെന്നും അവിടെ നിന്നും എത്ര പേരെ മാറ്റിപ്പാർപ്പിക്കേണ്ടിവരുമെന്നും വെളിപ്പെടുത്താമോ ;

(ഇ) എത്ര ഹെക്ടർ കൃഷി സ്ഥലം വെള്ളത്തിനടിയിലാകും ;

(എഫ്) പുനഃക്രമീകരിക്കുന്നതിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നു ;

(ജി) ഈ പദ്ധതി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്

(ബി) ജലസേചനത്തിനുപുറമേ കുടിവെള്ളം നല്കൽ, വൈദ്യുതി ഉല്പാദനം എന്നിവ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കാർഷിക അഭിവൃദ്ധിക്ക് പുറമെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക, കുടിവെള്ളക്ഷാമം പരിഹരിക്കുക, കൃഷിക്ക് തുറന്നു വിടുന്ന വെള്ളത്തിൽനിന്ന് വൈദ്യുതിയുല്പാദിപ്പിക്കുക മുതലായവയാണ് ഈ പദ്ധതിയുടെ പ്രയോജനങ്ങൾ.

(ഡി) ആകെ 365 ഹെക്ടർ ഭൂമി വെള്ളത്തിനടിയിലാകും. 447 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതായി വരും.

(ഇ) 132 ഹെക്ടർ

(എഫ്) ഉദ്ദേശം 315 കോടി രൂപ

(ജി) പദ്ധതിയുടെ പ്രാരംഭനടപടികൾ 2000-2001 സാമ്പത്തിക വർഷത്തിൽ തന്നെ തുടങ്ങുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

ബാലവേലയെപ്പറ്റി സർവ്വേ

17(*197) ശ്രീ. പി. പി. സുലൈമാൻറാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997 ജൂൺ പത്തിന് മുൻപായി ബാലവേലസംബന്ധിച്ച് ഒരു സമഗ്ര സർവ്വേ നടത്തിയിരിക്കണമെന്ന് സുപ്രീം കോടതി 465/1986 സിവിൽ റിട്ട്പെറ്റീഷന്റെ വിധിയിൽ ഉത്തരവിട്ടതിൻ പ്രകാരം സർവ്വേ നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സർവ്വേ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) സുപ്രീം കോടതി വിധിപ്രകാരം ശിശുത്തൊഴിലാളി പുനരധിവാസ നിധി രൂപികരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് രൂപീകരിക്കും ;

LIBRARY ARCHIVES Kerala Legislative Assembly